(സി) ഇതിനു മുൻപ് നൽകിയിട്ടുള്ള പരിശീലന/ബോധവൽക്കരണ പരിപാടികൾ വേണ്ടിവന്നാൽ തുടർന്നും നൽകുന്നകാര്യം പരിഗണിക്കുന്നതാണ്.

92 (2278) അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള യാചകരുടെ ശല്യം തടയുന്നതിന് നടപടി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനങ്ങളിൽനിന്നും വളരെയധികം യാചകർ കേരളത്തിലേയ്ക്ക് കടക്കുന്നത് തടയുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ;

(ബി) സംസ്ഥാനത്ത് യാചക നിരോധനം കർശനമാക്കാനും അന്യ സംസ്ഥാനങ്ങളിൽനിന്നും യാചകർ കടന്നു വരാതിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. അയൽ സംസ്ഥാനങ്ങളിൽനിന്ന് നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്ന യാചകരാണ് ഇവിടെ അധികമായി കാണുന്നത്. പോലീസ് സഹായത്തോടെ ഇവരെ അതിർത്തിയിൽ വച്ചു തന്നെ പിടികൂടി തിരികെ അയയ്ക്കുന്നുണ്ട്. കൂടാതെ ഉത്സവ സ്ഥലങ്ങളിലും മറ്റും യാചകരുടെ ശല്യം ഒഴിവാക്കുന്നതിനായി അതാതു പ്രദേശങ്ങളെ ബന്ധപ്പെട്ട പ്രദേശങ്ങളിൽ നിലവിലുള്ള യാചക നിരോധനനിയമങ്ങൾ പ്രകാരം യാചക നിരോധന മേഖലകളായി പ്രഖ്യാപിച്ച് യാചക ശല്യം നിരോധിക്കുന്നുണ്ട്.

93 (2279) പ്രീ-ഡിഗ്രി ബോർഡുമായി ബന്ധപ്പെട്ട കമ്മിഷനുകൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-ഡിഗ്രി ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട് ആരെയെല്ലാം അന്വേഷണ കമ്മിഷനുകളായി നിയമിച്ചിട്ടുണ്ട്;

(ബി) ജസ്റ്റീസ് കെ. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷനുവേണ്ടി എന്തുതുക ചെലവഴിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly